പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 406 07.01.2014 ൽ മറുപടിക്ക്

**റെയിൽവേ ക്രോസുകളും മേൽപ്പാലങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും, റെയിൽവേയും വകുപ്പുമന്ത്രി) | |
| (എ) | നിലവിൽ എത്ര റെയിൽവേ ലെവൽ ക്രോസുകളും മേൽപ്പാലങ്ങളുമുണ്ട്; | (എ) | നിലവിൽ കേരളത്തിൽ 307 ലെവൽക്രോസുകൾ ഉണ്ട്. സംസ്ഥാന റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ (R.B.D.C.K) ഇതുവരെ 23 മേൽപ്പാലങ്ങൾ നിർമ്മിച്ച് ഗതാഗതത്തിന് തുറന്നു കൊടുത്തു. 18 മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. |
| (ബി) | പുതുതായി എത്ര മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് റെയിൽവേയുടെ അനുമതി ലഭിച്ചിട്ടുണ്ട്; | (ബി) | 2012-13 വർഷത്തിൽ 10 മേൽപ്പാലത്തിനും 2013-14 വർഷത്തിൽ 14 മേൽപ്പാലത്തിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | ഇവയിലെത്രയെണ്ണത്തിന്റെ പണികൾ നടന്നുവരുന്നു; | (സി) | ഇവയിൽ 3 എണ്ണത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്. |
| (ഡി) | മറ്റുള്ളവയുടെ പണി തുടങ്ങാതിരിക്കുന്നതിന്റെ കാരണങ്ങൾ വിവരിക്കാമോ? | (ഡി) | മറ്റുള്ളവയുടെ സർവ്വേ ജോലികളും DPR തയ്യാറാക്കുന്ന പണികളും പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ